II ഇ.ബി. XII- കേരള നിയമസഭ/XVII-9

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 22, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 31 (* 241) പ്രവാസികൾക്കായി പുതിയ വ്യവസായ സംരംഭങ്ങൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം കെ.എസ്.ഐ.ഡി.സി. പരിഗണിച്ച് വരികയാണെന്നും നിലവിൽ കിൻഫ്ര യുടെ എല്ലാ വ്യവസായ പാർക്കുകളിലും പ്രവാസി വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. ന്യൂഡെൽഹിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച പ്രവാസി ഭാരതീയ ദിവസ് സംസ്ഥാനത്ത് പ്രവാസി നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുന്ന തിന് പ്രയോജനപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെക്കുറിച്ചും സംസ്ഥാനത്ത് നടപ്പിലാക്കാൻ സാദ്ധ്യതയുള്ള വിവിധ മേഖലകളിലുള്ള പ്രോജക്ടുകളെക്കുറിച്ചും പ്രവാസി നിക്ഷേപകരിൽ അവബോധം ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ടൂറിസം, ഐ.ടി., ഇൻഫ്രാ

സ്ട്രക്ച്ചർ, സർവ്വീസ് സെക്ടർ തുടങ്ങി കേരളത്തിൽ നിക്ഷേപ സാദ്ധ്യത യുള്ള മേഖലകളിൽ ഉൾപ്പെട്ട പദ്ധതികളാണ് കേരള സെഷനിൽ അവതരി പ്പിച്ചത്. ചെറുകിട നിക്ഷേപകരെ ആകർഷിക്കുന്ന പദ്ധതികൾ സമ്മേളന ത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. കൊച്ചിയിൽ വ്യവസായ വകുപ്പ് സംഘടിപ്പിച്ച നിക്ഷേപക സൗഹൃദ മീറ്റിൽ വന്ന നിരവധി പ്രൊപ്പോസലുകൾക്ക് പ്രോജക്ടുകൾ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. കണ്ണൂരിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമ സമ്മേളനത്തിലുണ്ടായ നിർദ്ദേ ശങ്ങൾ പരിഗണിച്ച് കെ.എസ്.ഐ.ഡി.സി.യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ചെറുകിട വ്യവസായങ്ങൾക്കായി പ്രത്യേകം ഒരു ഇൻഡസ്ട്രിയൽ പാർക്ക് രൂപീകരിക്കുകയും നിക്ഷേപകർ സംരംഭങ്ങൾ ആരംഭിച്ചുവരിക യുമാണ്. ജോലി നഷ്ടപ്പെട്ടു വരുന്ന പ്രവാസികൾ ആരംഭിക്കുന്ന സംരംഭ ങ്ങൾക്ക് കെ.എസ്.ഐ.ഡി.സി.യും കെ.എഫ്.സി.യും നൽകുന്ന വായ്പ കൾക്ക് പലിശ ഇളവ് നൽകാനും അത്തരം സംരംഭങ്ങൾക്ക് അതിവേഗം ക്ലിയറൻസ് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ടെന്നും കേരളത്തിന് വെളിയിൽ നിന്ന് വരുന്നവർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹായി ക്കുന്ന ഗ്രീൻ ചാനൽ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നട പടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. കെ.എസ്.ഐ.ഡി.സി.ക്ക് 11 ശതമാനം ഓഹരിയുള്ള ആയിരം കോടി രൂപ മൂലധനമുള്ള. അൽബറാക് ഫൈനാൻസിയേഴ്സ് സർവ്വീസസ് ഇൻഡ്യാ ലിമിറ്റഡ് എന്ന പലിശരഹിത ധനകാര്യ സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോജക്റ്റുകളെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള സംവിധാനങ്ങൾ ജില്ലാ വ്യവസായ

കേന്ദ്രങ്ങളിലൊരുക്കിയിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളെ ക്ലസ്റ്ററുകളാക്കി വികസിപ്പിക്കുന്ന ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഒരു പ്രോജക്ട് സംസ്ഥാന സർക്കാരുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്. നിരവധി വ്യാപാര മേളകൾ സംഘടിപ്പിച്ച് നമ്മുടെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിന് പ്രത്യേക സഹായം ചെയ്യുന്നുണ്ടെന്നും നാളികേരാധിഷ്ഠിത വ്യവസായത്തിന് മുൻഗണന നൽകുന്നതിനായി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ആസ്ഥാനമായി ഒരു കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32(* 242) <u>ദുരന്ത നിവാരണ നയം</u>

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാന ജില്ലാ ഭരണകൂടങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, പൊതു സമൂഹം, സന്നദ്ധ സംഘടനകൾ എന്നിവയുടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ നയം ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റവന്യു (ദുരന്തനിവാരണ) വകുപ്പിന്റെ കീഴിൽ സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ദുരന്തനിവാരണ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാനത്തുണ്ടാകുന്ന എല്ലാ ദുരന്തങ്ങളെയും ഫലപ്രദമായി നേരിടുന്നതിനും ദുരന്ത

നിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റവന്യു, ആരോഗ്യം, ആഭ്യന്തരം, ധനകാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന എല്ലാത്തരം ദുരന്തങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ വകുപ്പ് റവന്യു (ദുരന്ത നിവാരണ) വകുപ്പായിരിക്കും. എല്ലാത്തരം ദുരന്തനിവാരണ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായി റവന്യു വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കളക്ട്രേറ്റുകളിലും ദുരന്ത നിവാരണത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുകയും അതിന്റെ ചുമതല ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുകയും ചെയ്തു. ഇതിനായി 8 ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തിക പുതിയതായി സൃഷ്ടിച്ചു. ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന് 14 ജില്ലകളിലും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ പ്ലാനിന്റെ രൂപ രേഖ 21.02.2011-ൽ പ്രകാശനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വെള ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് കോമ്പൗണ്ടിൽ 45 സെന്റ് സ്ഥലം അനുവദിച്ചു. രണ്ട് കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതി നുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ദുരന്ത ലഘൂകരണ പദ്ധതി യുടെ ഭാഗമായി സംസ്ഥാനത്തെ കളക്ട്രേറ്റുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കേരളത്തിലെ 9 തീരദേശ ജില്ലകൾക്കായുള്ള മുന്നറിയിപ്പ് സംവി ധാനം യു.എൻ.ഡി.പി.യുടെ സഹകരണത്തോടെ നടപ്പിലാക്കി. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ പൈലറ്റ് പ്രോജ

ക്റ്റായി കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നും വീതം സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും സെൻട്രൽ പി.ഡബ്ള്യൂ.ഡി വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഈ പ്രോജക്ടിന്റെ കീഴിൽ 9 തീരദേശ ജില്ലകളിൽ 199.18 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന 40 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ദുരന്ത നിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 'സുരക്ഷാ ക്ലബ്ബുകൾ; രൂപീകരിച്ചു. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിലേയ്ക്കായി യുവ കർമ്മസേന രൂപീകരിക്കുന്നതിനും പദ്ധതിയുണ്ട്. മലപ്പുറം ജില്ലയിൽ അരീക്കോട് എട്ട് കുട്ടികളുടെ മരണത്തിനിടയാക്കിയ തോണി അപകടത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകളിൽ സുരക്ഷാ പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി ജില്ലാ കളക്ടർമാർ മുഖേന സർവ്വേ നടത്തി സംസ്ഥാനത്ത് വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന 554 പാലങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ 3 പാലങ്ങൾ വീതവും ബാക്കിയുള്ള ജില്ലകളിൽ രണ്ട് പാലങ്ങൾ വീതവും ഉൾപ്പെടെ സംസ്ഥാനത്ത് 30 സുരക്ഷാ പാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപകടം നടന്ന മൂർക്കോത്ത് അരീക്കോട് കടവിൽ 136 ലക്ഷം രൂപ ചെലവിൽ പാലം പണി പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിലുള്ള 525 പാല

ങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇഞ്ചത്തൊട്ടി കടവിൽ തൂക്കുപാലം നിർമ്മിക്കാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം യൂണിറ്റ് കോഴിക്കോടും സംസ്ഥാന ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് ഇടുക്കി കേന്ദ്രമായും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ പോലീസ് അക്കാഡമിയോട് ചേർന്ന് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് 40 ടൺ കപ്പാസിറ്റിയുള്ള ഓരോ ക്രെയിനുകൾ കൊല്ലം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലേയ്ക്കായി വാങ്ങുന്നതിന് 180 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടും ദുരന്തങ്ങളെക്കുറിച്ചും ദുരന്ത നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കേണ്ട ആവശ്യകത കണക്കിലെടുത്തും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ സ്കൂൾ സുരക്ഷ എന്ന ആശയം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ □നമ്മുടെ സുരക്ഷ□ എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളു

കളിലും സുരക്ഷാ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിനായി 175 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ദുരന്ത നിവാരണത്തിനായി കഴിഞ്ഞ വർഷവും ഈ വർഷവും ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് പത്തു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓയിൽ മുഖാന്തിരം ഉണ്ടാകുന്ന അപകടങ്ങൾ കണക്കിലെടുത്തും ഉയരത്തിലുള്ള കെട്ടിടങ്ങൾ കണക്കിലെടുത്തും എറണാകുളം ജില്ലയ്ക്കുവേണ്ടി മാത്രം ഒരു പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി പുതുതായി റിക്രൂട്ട് ചെയ്യുന്ന പോലീസുകാർക്കെല്ലാം നീന്തൽ ഉൾപ്പെടെയുള്ള ട്രെയിനിംഗും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഡൈവിംഗ് ഉൾപ്പെടെയുള്ള ട്രെയിനിംഗും നൽകുന്നുണ്ടെന്നും രക്ഷാപ്രവർത്തനങ്ങളിൽ നല്ലൊരു പങ്ക് വഹിക്കുന്ന ആശാ വോളന്റിയേഴ്സിനെ സാമ്പത്തികമായി സഹായിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

33(* 243) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ 31 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നുവെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം അത് 5 ആയി

കുറയ്ക്കാനും 69.45 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്ന സ്ഥാനത്ത് 239.75 കോടി രൂപയുടെ ലാഭമുണ്ടാക്കാനും സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെയും ഭാഗമായി പ്രവർത്തനമാന്ദ്യം നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ഉറപ്പുവരുത്തുന്നതിന് അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവ് തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിച്ചു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജുമെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർമാരായി വിദഗ്ദ്ധരായവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞ മാസം കൈവരിച്ച ഉൽപ്പാദനക്ഷമത പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ റിയാബ് മുഖേനയും കമ്പനി തലത്തിലും നടത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുകയും പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു. ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണമേൻമയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കാൻ മാനേജുമെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു. കമ്പനികളിലെ ഇന്റേണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ റിയാബ് മുഖേന ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്ന് മാത്രമേ ഇന്റേണൽ ആഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശം നൽകിയിട്ടുമുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും സ്വീകരിച്ചു വരുന്നു. മാനേജുമെന്റിൽ തൊഴിലാളി പങ്കാളിത്തമെന്ന ആശയം സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2006-07 മുതൽ 5850-ൽ അധികം തൊഴിലവസരങ്ങളുണ്ടായിട്ടുണ്ട്. പുതുതായി ആരംഭിച്ച ഉൽപ്പാദന യൂണിറ്റുകളിലേയ്ക്കും വിപുലീകരണ പദ്ധതികൾക്കുമായി 1919 പേരെ നിയമിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. സുതാര്യമായ നടപടിക്രമങ്ങളിലൂടെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ അതാത് സ്ഥാപനങ്ങളുടെ മാനേജ്മെന്റ് തലത്തിൽ നടപടികൾ

സ്വീകരിച്ചുവരുന്നു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളേയും സംസ്ഥാനതല ട്രേഡ് യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ചുമുള്ള മീറ്റിംഗുകൾ സംഘടിപ്പി ക്കുകയും പ്രവർത്തനങ്ങൾ സംബന്ധിച്ച് മീറ്റിംഗിൽ ഉയർന്നുവരുന്ന നിർദ്ദേ ശങ്ങൾ പരിഗണിക്കുകയും ചെയ്തുവരുന്നു. സമാനസ്വഭാവമുള്ള പൊതുമേ ഖലാ സ്ഥാപനങ്ങൾ സംയോജിപ്പിക്കുക എന്ന ആശയം ആലോചിച്ചുവരിക യാണെന്നും ട്രാവൻകൂർ റയോൺസിലെ ജീവനക്കാരുടെ പ്രശ്ന പരിഹാര ത്തിനായി കമ്പനി ഏറ്റെടുക്കുന്നതിനുള്ള ഓർഡിനൻസിന് രാഷ്ട്രപതിയുടെ അംഗീകാരം കിട്ടിയാലുടൻതന്നെ ആനുകൂല്യങ്ങൾ സെറ്റിൽ ചെയ്യുന്നതാ ണെന്നും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 8 പൊതുമേഖലാ സ്ഥാപന ങ്ങളിൽ 7 എണ്ണം പ്രവർത്തനക്ഷമമാക്കുകയും 2011 മാർച്ച് 12-ന് എട്ടാമത്തേത് കമ്മീഷൻ ചെയ്യുന്നതാണെന്നും .പൊതുമേഖലയുടെ പുനരുദ്ധരാണവും വിപുലീകരണവുമാണ് സർക്കാരിന്റെ നയമെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2002 മുതൽ 2252 വരെയുള്ള ചോദ്യങ്ങളിൽ 52 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

.